കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാടക്കത്തറ ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ-ടി.എസ്.ആർ.(പി.8)1360/20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
PIN :680 020.
തീയതി:05/01/2021
Ph.No. 0487 2331249
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടക്കത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:മാടക്കത്തറ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ടി.എസ്.ആർ.(പി.8)1360/20 തീയതി:05/01/2021

## തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.04.2019 മുതൽ 31.03.2020 തീയതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 03 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.11.2020 മുതൽ 23.11.2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.ബേബി.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുധ.ഇ.എൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജീജോ ജോബ് | സീനിയർ ഗ്രേഡ്ഓഡിറ്റർ (20.11.2020 വരെ) |
| ശ്രീ.ജയൻ.വി.എസ് | ഓഡിറ്റർ (20.11.2020 വരെ) |

നിർവ്വഹണ അധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | പി.എസ്. വിനയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | വേലായുധൻ.വി.എൻ. | 01.04.2018 മുതൽ 30.06.2018 വരെ |
| | രേഖ വി.എസ്. (ഇൻ ചാർജ്ജ്) | 01.07.2018 മുതൽ 05.07.2018 വരെ |
| | | |

| | | |
|---|---|---|
| | മിനിചന്ദ്.ആർ | 06.07.2018 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | സത്യാ വർമ്മ.പി.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | പ്രവിത.കെ.ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.വിനീത.കെ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.പി.എം.ഹരീശ്വരൻ | 01.04.2018 മുതൽ 23.11.2018 വരെ |
| | ഡോ.അജിത എം.എ | 24.11.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | രഞ്ചു ഏലിയാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (കരുവാൻകാട് സർക്കിൾ) | ലിൻസൺ.കെ.ഡേവീസ് | 01.04.2018 മുതൽ 10.01.2019 വരെ |
| | ഷീജ എം.എസ്. | 11.01.2019 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ.(വെള്ളാനിക്കര സർക്കിൾ) | ലിൻസൺ.കെ.ഡേവീസ് | 01.04.2018 മുതൽ 07.05.2018 വരെ |
| | അനുപ്രിയ | 08.05.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | രേഖ.വി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | ദീപ്തി.എം.യു. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | അമ്പിളി.എൻ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.എബ്രഹാം വൈദ്യർ | 01.04.2018 മുതൽ 28.02.2019 വരെ |
| | ഡോ.വിജയ് ജോസഫ് (ഇൻ ചാർജ്ജ്) | 01.03.2019 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- ചട്ടവ്യവസ്ഥകൾ പാലിക്കേണ്ടതാണ് | 1-12 |
| 13 | സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ വിവരം ലഭ്യമാക്കിയില്ല | 1-13 |
| 14 | വാടക - ജി.എസ്.ടി ഈടാക്കുന്നില്ല | 1-14 |
| 15 | കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച അപാകതകൾ | 1-15 |
| 16 | വസ്തു നികുതി - അപാകതകൾ | 1-16 |
| 17 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 1-17 |
| 18 | ഇ – ടെണ്ടർ ഫീ തിരികെ ഈടാക്കിയില്ല | 1-18 |
| 19 | ശമ്പള പരിഷ്കരണ കുടിശ്ശിക - പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 1-19 |
| 20 | പത്രപ്പരസ്യ ചാർജ്ജ് - ഡിസ്കൗണ്ട് ലഭിച്ചില്ല | 1-20 |
| 21 | സ്ട്രീറ്റ് ലൈറ്റ് - സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ് | 1-21 |
| 22 | ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റി-വാർഷിക കണക്കുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-22 |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-23 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 25 | അയ്യംകുളം പുനരുദ്ധാരണം - റിവൈസ്ഡ് എസ്റ്റിമേറ്റ്,സാങ്കേതികാനുമതി എന്നിവ അംഗീകരിച്ചിട്ടില്ല | 1-25 |
| 26 | പെയിൻ & പാലിയേറ്റീവ് പരിചരണ പരിപാടി-മുൻകൂറായി വൗച്ചറുകൾ ഹാജരാക്കി പണം പിൻവലിച്ചു | 1-26 |
| 27 | വനിത സ്വയംതൊഴിൽ സംരംഭങ്ങൾ -തുടർപ്രവർത്തനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ് | 1-27 |
| 28 | ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 1-28 |
| 29 | ആശ്രയ പദ്ധതിയ്ക്ക് അർഹമായ പ്രാധാന്യം നൽകിയില്ല | 1-29 |
| 30 | ലൈഫ് മിഷൻ പദ്ധതി- അവലോകനം | 1-30 |
| 31 | പൊതുമരാമത്ത് പ്രവൃത്തി -അവലോകനം | 1-31 |
| | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| 32 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 40 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിന്റെ വിവരം | 4-11 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 44 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 23.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 18,01,24,540/- രൂപയും പ്രതീക്ഷിത ചെലവ് 18,20,70,500/- രൂപയുമാണ്. ബജറ്റ് പുതുക്കിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 (5), (6) പ്രകാരം ഒരു വർഷത്തിനിടയ്ക്ക് പഞ്ചായത്തിന്റെ വരവിനെയോ ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ സ്റ്റാന്റിംഗ് കമ്മറ്റി അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കി പഞ്ചായത്തിന്റെ മുൻപാകെ വയ്ക്കേണ്ടതും അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ

ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്ത് ചെലവ് ചെയ്യാൻ പാടില്ലാത്തതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം ചെലവ് ചെയ്യപ്പെട്ട പല ഇനങ്ങൾക്കും ആവശ്യമായ ബജറ്റ് വകയിരുത്തലുകൾ ഇല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | വിവരണം | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | റസീറ്റ് & പേയ്മെന്റ് പ്രകാരം ചെലവ് ചെയ്ത തുക |
|---|---|---|---|---|
| 1 | 252 | Decentralised Plan programme-Infrastructure sector | 5,75,000 | 32,06,186 |
| 2 | 253 | Projects not included in sector division | 75,000 | 3,23,326 |
| 3 | 3305002 | Loans from financial Institution | Nil | 40,80,000 |

മേൽ അപാകത സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും ബജറ്റ് പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 04.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 65,04,428 |
| വരവ് | 9,83,90,101 |
| ആകെ | 10,48,94,529 |
| ചെലവ് | 7,61,70,865 |
| നീക്കിബാക്കി | 2,87,23,664 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16557240 | 16557240 | 16557240 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5484000 | 5484000 | 5484000 | 0 |
| വികസന ഫണ്ട്- | 0 | 89000 | 89000 | 89000 | 0 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7077000 | 7077000 | 7077000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3411000 | 3411000 | 2545144 | 865856 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9642393 | 9642393 | 7686000 | 1956393 |

# 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 179 | 97238066 | 130 | 57425626 | 41 | 8 | 72.63 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1644 | 280140 | 281784 | 277282 | 4502 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27487543 | 27487543 | 27487543 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 1286884 | 1286884 | 1286884 | 0 |

നീക്കിയിരിപ്പ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-11(12) കാണുക.

# 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 88680 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 4879300 | 1552 |
| വിധവാ പെൻഷൻ | 14933700 | 4727 |
| വാർദ്ധക്യകാല പെൻഷൻ | 21503300 | 6838 |
| വികലാംഗപെൻഷൻ | 3457100 | 1095 |
| 50 വയസ്സിന് മേൽ പ്രായമുള്ള | 2084900 | 663 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെപെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 20.11.2020 തീയതി 3.00 pm ന് നടത്തുകയുണ്ടായി. 11,496/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം.

മാടക്കത്തറ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും വൗച്ചറുകളും ഫയലുകളും യഥാവിധി ഉപയോഗിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ കുടിവെള്ള, ഇരിപ്പിട സൗകര്യം എന്നിവ ക്രമപ്പെടുത്തിയിട്ടുണ്ട്. ടോക്കൺ, ഡിസ്പ്ളേ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സുപ്രധാനങ്ങളായ എല്ലാ തീരുമാനങ്ങളിലും പഞ്ചായത്ത് ഇടപ്പെടലുകൾ ഉണ്ട്. പ്രോജക്ടുകളുടെ പൂർത്തീകരണത്തോടൊപ്പം മോണിട്ടറിംഗ് റിപ്പോർട്ടുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ലഭ്യമല്ല.

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1 റെസിഡൻഷ്യൽ

| | | | | |
|---|---|---|---|---|

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3165611 | 2724216 | 146661 | 321303 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | * |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (337678/105X100)= 321598 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |
| | 3165611 | 2709727 | 166839 | 321303 |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2541035 | 2344751 | 54554 | 151837 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | * |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | * (159524/105X100)=151927 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |
| | 2541035 | 2350377 | 54554 | 151837 |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" | 1220582 | 1016268 | 223217 |

| | | | |
|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | * | | ** |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (623680 +446791 =1070471/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (235228/105X100)= 224027 |
| | 1019496 | 992132 | 223217<br>12011-LC |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 943872 | 645818 | 304662 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(404493 + 611169 =1015662/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (320015/105X100)=304776 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |
| | 967297 | 661550 | 304662<br>15353-LC |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 161261 | 64492 | 225753 | 138061 | 51515 | 189576 | 7700 | - | 16375 | 22011 | 38386 |
| | നോൺ-റെസിഡൻഷ്യൽ | 127503 | 48175 | 175678 | 117530 | 32390 | 149920 | 2737 | - | 7687 | 15353 | 23454 |
| | ആകെ | 288764 | 112667 | 401431 | 255591 | 83905 | 339496 | 10437 | - | 24062 | 37364 | 61840 |
| വാർഷിക കണക്കിലെ വിവിധ | | | | | | | | | | | | |
| | | .........+....... =(2017-18ലെ ബാലൻസ്ഷീറ്റ് | | | {റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | | | | (431910101 - State govt. | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| പത്രികകൾ പ്രകാരം | ഷെഡ്യൂൾ-ബി-15, 431910101-State govt. Cess/levies ലെഡ്ജർ 2018-19) | ആർ.പി-36 (വരവ്)} | | Cess/levies ലെഡ്ജർ 2018-19) | |
| | 80259 | 339341 | | 51426 | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 500682 | 555736 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 38073 | 174567 |

2.6 1/4/2018ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ /നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ 235 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 5706646മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം

ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 339341രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 339496രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിട്ടില്ല.

2.8 "Prior period items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 628891 | 166839 |
| 2 | 350410101-Advance collection of revenues - Property tax on Non-Residential building | 23718 | 54554 |

2.9.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 30836രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.

3.2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ശീർഷകം | | | |
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(...... കെട്ടിടങ്ങൾ) | 130100101-Rent from Building | 13092 | 27.7.18 | 4180055 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income-Property tax on residential buildings | (194811) |
| 280100104-Prior period income-Property tax on non residential buildings | 67067 |
| 280200401-Prior period-income other income | (21730) |
| 280800201-Prior period-administrative expenses | 8000 |

6.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 22219236 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 29605457രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

8. സംയുക്തപദ്ധതികൾക്കായി ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതം ലഭിക്കുന്നതിനായുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിന്റെ പാസ്സ്ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റിലെ ക്രെഡിറ്റ്, ഡെബിറ്റ് കോളങ്ങൾ സംയുക്ത പദ്ധതി വിഹിതത്തിന്റെ വരവ് ചെലവ് കണക്കുകളുടെ ലെഡ്ജർ എൻട്രികളുമായി പൊരുത്തപ്പെടുന്നില്ല. ഇതു കാരണം, നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

9.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

10. ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 84045രൂപ cheques deposited but not credited ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു. ബന്ധപ്പെട്ട തുക ക്രെഡിറ്റ് ചെയ്യാപ്പെടാതിരിക്കുന്നതിന് കാരണം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

i) ബാങ്ക് റീകൺസീലിയേഷൻ പത്രികകളിൽ directly credited by bankഎന്ന ഇനത്തിൽ 2448306രൂപയും, directly debited by bank-803701രൂപയും cheques issued but not presented into bank-5000രൂപയും ഉൾപ്പെട്ടിട്ടുണ്ട്.

11. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11a) എന്ന ശീർഷകത്തിൽ തൻവർഷം ഉൾപ്പെടുത്തിയിട്ടുള്ളത് 500000- രൂപയാണ്.എ.ഇ നടപ്പാക്കിയ പ്രോജക്ടുകളിൽ 31.3.19വരെ പാർട്ട് ബിൽ നൽകിയതും 31.3.19ൽ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക1071884രൂപയാണ്

12. NREGA ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് അക്കൗണ്ട്സ് പ്രകാരം 4013/- രൂപയാണ്. എന്നാൽ, NREGA യുടെ യഥാർത്ഥ നീക്കിയിരിപ്പ് 4502രൂപയാണ്.

13. Distress relief fund ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് അക്കൗണ്ട്സ് പ്രകാരം 42114/- രൂപയാണ്. എന്നാൽ, യഥാർത്ഥ നീക്കിയിരിപ്പ് 42477/- രൂപയാണ്.

14.ശുചിത്വ മിഷനിൽ നിന്നും മഴക്കാല പൂർവ്വ ശുചീകരണത്തിനായി ലഭിച്ച 160000 രൂപമെഡിക്കൽ ഓഫീസർ പി.എച്ച്.സിക്ക് മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും ആയത് മുൻകൂർ നൽകിയ തുകകളുടെ കൂടെ ഉൾപ്പെടുത്തിയിട്ടില്ല.

15.Secured loans -Hudcoയിൽ നിന്നും തൻവർഷം ആകെ 8031710രൂപ വായ്പ എടുത്തിട്ടുണ്ട്. (3951710+164000+2440000)തൻവർഷം തിരിച്ചടവുകൾ ഒന്നുമില്ലെങ്കിലും ബാലൻസ് ഷീറ്റ് പ്രകാരം 3951710 രൂപ മാത്രമാണ് തിരിച്ചടക്കാനുള്ളതായി കാണിച്ചിരിക്കുന്നത്. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

16.ഡിപ്രീസിയേഷൻ കണക്കാക്കുന്നതിനായി തയ്യാറാക്കിയ വർക്ക് ഷീറ്റിൽ 31.3.18ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ളതോ 31.3.19ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ളതോ ആയ ആസ്തിമൂല്യം മുഴുവൻ ഉൾക്കൊള്ളിച്ചിട്ടില്ല.

# 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- ചട്ടവ്യവസ്ഥകൾ പാലിക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഇനത്തിൽ ഏത് മാനദണ്ഡപ്രകാരമാണ് പിരിച്ചെടുത്തിട്ടുള്ളത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. ലൈസൻസ് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല.

2) ലൈസൻസ് രജിസ്റ്റർ പ്രകാരം 329 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ 298 സ്ഥാപനങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ഏത് വർഷത്തേതാണെന്നും ഏതൊക്കെ കെട്ടിട നമ്പറിലുള്ളതാണെന്നും രേഖപ്പെടുത്തിയിട്ടില്ല. ഓരോ വർഷവും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളുടെ പേര് ചേർക്കുകയും നിർത്തലാക്കിയവയുടെ പേരുകൾ ഒഴിവാക്കുകയും ചെയ്ത് ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

3) തൃശ്ശൂർ സാന്റ് & ഗ്രാവൽസ്, എന്ന ക്വാറിയുടെ (നം.2) അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ കാലാവധി 17.08.2018 വരെ മാത്രമാണ്, പുതുക്കിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സ്ഥലത്തിന്റെ സർവ്വേ സ്കെച്ച്, ലൊക്കേഷൻ മാപ്പ്, ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ, സ്റ്റേറ്റ് എൻവയേൺമെന്റ് ഇംപാക്റ്റ് അസ്സസ്സ്മെന്റ് അതോറിറ്റിയുടെ അനുമതിപത്രം, വനം വന്യ ജീവി വകുപ്പിൽ നിന്നുള്ള അനുമതി പത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

4) (a) തൃശ്ശൂർ സാന്റ് & ഗ്രാവൽസ്, ക്രഷറിന്റെ അപേക്ഷയിൽ 1300 എച്ച്.പി യന്ത്രശക്തി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം 1665 എച്ച്.പി യന്ത്രശക്തി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് ആനുപാതികമായ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. 4,000/- രൂപ മാത്രമാണ് ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത്.

(b) കേരള മിനറൽസ് (പ്രിവെൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ്ങ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ 2015 ചട്ടം 9 പ്രകാരമുള്ള ഫോം ഡി സർട്ടിഫിക്കറ്റ്, ചട്ടം 13(1) പ്രകാരമുള്ള ഫോം ജി ഡീലേഴ്സ് ലൈസൻസ്, ഫാക്ടറീസ് & ബോയ്‌ലേഴ്സ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/17.11.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ മേൽപ്പറഞ്ഞ എല്ലാ രേഖകളും ഫയലിൽ ഹാജരാക്കി അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-13 സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ വിവരം ലഭ്യമാക്കിയില്ല

വിവിധ സ്ഥാപനങ്ങൾ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾ (സി.എസ്.ആർ) നടത്തുന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

1) തൃശ്ശൂർ സാൻഡ് & ഗ്രാവൽ പ്രൈവറ്റ് ലിമിറ്റഡ്, പാണ്ടിപ്പറമ്പ് എന്ന ക്വാറിയുടെ ക്വാറിയിംഗ് ലൈസൻസിനുള്ള എൻവയേൺമെന്റ് ക്ലിയറൻസിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ, SEIAA മെമ്പർ സെക്രട്ടറിയുടെ 17/01/2018 തീയതിയിലെ 991/EC1/4812/SEIAA/2015 നമ്പർ നടപടിക്രമത്തിൽ തൃശ്ശൂർ സാൻഡ് & ഗ്രാവൽ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് പാർട്ട്ണറുടെ 28.12.2017 തീയതിയിലെ സത്യവാങ്ങ്മൂലത്തിൽ സമ്മതിച്ച പ്രകാരം പ്രദേശവാസികളുടെ ക്ഷേമത്തിനായി 10 ലക്ഷം രൂപ വീതം ആവർത്തനസ്വഭാവമുള്ളതും അല്ലാത്തതുമായ സി.എസ്.ആർ (Corporate

Social Responsibility) പ്രവർത്തനങ്ങൾ പഞ്ചായത്തുമായി ചർച്ച ചെയ്ത് നടത്തേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.
2) മുദ്ദൽ ഗ്രാനൈറ്റ്സ് & ക്രഷർ പ്രൈവറ്റ് ലിമിറ്റഡ് എന്ന ക്വാറിയുടെ ക്വാറി ലൈസൻസിനുള്ള എൻവയേൺമെന്റ് ക്ലിയറൻസിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ, SEIAA മെമ്പർ സെക്രട്ടറിയുടെ 23/04/2016 തീയതിയിലെ 451/SEIAA/EC1/3125/2014 നമ്പർ നടപടിക്രമത്തിൽ വിദ്യാഭ്യാസ, ആരോഗ്യ, വനിതാ ശാക്തീകരണ മേഖലകളിൽ പ്രസ്തുത സ്ഥാപനം സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.
എന്നാൽ മേൽ സ്ഥാപനങ്ങളും ഇതേ പ്രവർത്തന സ്വഭാവമുള്ള മറ്റ് സ്ഥാപനങ്ങളും സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുകയോ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തുന്നത് ഉറപ്പ് വരുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും രേഖപ്പെടുത്തി വയ്ക്കുന്നതിനും എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും പഞ്ചായത്ത് എന്തെങ്കിലും ക്രമീകരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/17.11.2020 ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമാകും വിധത്തിൽ സി.എസ്.ആർ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് അധികൃതരുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്.

# 1-14 വാടക - ജി.എസ്.ടി ഈടാക്കുന്നില്ല

1) പട്ടികജാതി ഇൻഡസ്ട്രിയൽ കെട്ടിടം (XV/174A), പട്ടികജാതി സർവ്വീസ് സഹകരണ സംഘം (VIII/54), മാവേലി സ്റ്റോർ, മാടക്കത്തറ (VIII/186) എന്നിവയാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. യഥാക്രമം 276, 525, 290 എന്നീ തുകകളാണ് പ്രതിമാസ വാടകയായി ഈടാക്കിയിരിക്കുന്നത്. എന്നാൽ ഇവയിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല. 18% നിരക്കിൽ ജി.എസ്.ടി ഈടാക്കേണ്ടതാണ്.
2) വാടക സംബന്ധിച്ച ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ബൈലോ തയ്യാറാക്കിയിട്ടില്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം. 6/19.11.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

# 1-15 കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച അപാകതകൾ

കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 12900/ആർ.എ.1/2015/തസ്വഭവ. തീയതി 02.12.2015 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യപ്പെടുന്നത് മുതൽ കെട്ടിടനിർമ്മാണം പൂർത്തിയായി ഒക്യുപൻസി നൽകുന്നത് വരെ അപേക്ഷയിൻമേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. ടി സർക്കുലറിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.
i. കെട്ടിടനിർമ്മാണ അപേക്ഷാ ഫയലിൽ നോട്ട് ഭാഗവും, കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റ് രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയൽ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.
ii. കുറിപ്പുകൾ അപേക്ഷയിൽത്തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ ടാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പറും പേജ് നമ്പറും രേഖപ്പെടുത്തേണ്ടതാണ്.
iii. അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വെ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, പാർക്കിംഗ്, കവറേജ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിടനിർമ്മാണ നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോ എന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവ്വെ/റീസർവ്വെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രായോഗിക തലത്തിൽ ലഭ്യമാണോ എന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആവശ്യമെങ്കിൽ റിപ്പോർട്ടിനായി ഒരു മാതൃകാ ഫോർമാറ്റ് തയ്യാറാക്കി ഉപയോഗിക്കാവുന്നതാണ്.

iv. ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെ നോട്ടിൽ ഉടമസ്ഥതയ്ക്ക് ആധാരമായ രേഖകളുടെ പരിശോധന, അപേക്ഷകന്റെ ഉടമസ്ഥാവകാശം, അപേക്ഷയിലെ ഭൂമിയിലെ നിർമ്മാണാവകാശം എന്നിവ സംബന്ധിച്ച് പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാവുന്ന പക്ഷം പെർമിറ്റ് ഫീസ് / കോമ്പൗണ്ടിംഗ് ഫീസ് സംബന്ധമായി കണക്കാക്കലുകൾ നോട്ടിൽ വ്യക്തമാക്കേണ്ടതും പെർമിറ്റ് നിരസിക്കുന്ന പക്ഷം വ്യക്തമായ കാരണങ്ങൾ നോട്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്.

v. 30.10.2012 ലെ നമ്പർ 59177/ആർ.എ.1/2013/തസ്വഭവ., 30.12.2013 തീയതിയിലെ നമ്പർ 75419/ആർ.എ.1/2013/തസ്വഭവ എന്നീ സർക്കുലറുകളിൽ അനുശാസിക്കും പ്രകാരം ഫയലിലെ എല്ലാ കുറിപ്പുകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും ഉത്തരവുകളുടെയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

vi. മതിയായ പെർമിറ്റ് ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ഇതിന്റെ വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക എന്നിവ) ഫയലിൽ രേഖപ്പെടുത്തി, കരട് പെർമിറ്റ് തയ്യാറാക്കി രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി അംഗീകാരത്തിനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

vii. അനുവദിക്കപ്പെട്ട പെർമിറ്റ് കെ.എം.ബി.ആർ ലെ ചട്ടം 15എ/കെ.പി.ബി.ആർ.ലെ ചട്ടം 17 പ്രകാരം നീട്ടുന്നതിനോ (എക്സ്റ്റൻഷൻ) പുതുക്കുന്നതിനോ (റിന്യൂവൽ) അപേക്ഷ കാലേക്കൂട്ടി സമർപ്പിക്കപ്പെടുന്നുവെന്നും സമയപരിധിക്കുള്ളിൽ തന്നെ നീട്ടിയ/പുതുക്കിയ പെർമിറ്റ് അനുവദിക്കപ്പെടുന്നുവെന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. കാലതാമസമുണ്ടാകുന്നപക്ഷം മതിയായ വിശദീകരണം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്. നീട്ടിയ/പുതുക്കിയ പെർമിറ്റിൽ കാലഹരണപ്പെട്ട പെർമിറ്റിന്റെ പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. പെർമിറ്റിന്റെ കാലാവധി നീട്ടുന്നതായുള്ള സാക്ഷ്യപത്രങ്ങൾ, കാലഹരണപ്പെട്ട പെർമിറ്റിൽ തന്നെ പുതിയ കാലാവധി രേഖപ്പെടുത്തലുകൾ നൽകുന്ന രീതികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

viii. നിലവിൽ സാധുവായ പെർമിറ്റുള്ള പ്ലോട്ടിൽ മറ്റൊരു നിർമ്മാണത്തിന് അനുമതിക്കായി അപേക്ഷ ലഭിക്കുമ്പോൾ നിലവിലെ എല്ലാ നിർമ്മാണങ്ങളും (പൂർത്തിയായവയുടെ നമ്പർ, നിർമ്മാണത്തിലിരിക്കുന്നവയുടെ പെർമിറ്റ് നമ്പർ, ഇവ സഹിതം) പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഒരേ സ്ഥാനത്ത് സാധുവായ രണ്ട് പെർമിറ്റുകൾ ഒരേ സമയം ഉണ്ടാകാൻ പാടുള്ളതല്ല. ആവശ്യമുള്ള പക്ഷം പെർമിറ്റ് സറണ്ടർ ചെയ്ത ശേഷം ആയത് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം മാത്രമേ പുതിയ പെർമിറ്റ് നൽകാവൂ.

എന്നാൽ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടു കാണുന്നില്ല.

പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് നം., തീയതി, ഫീസ്, എഫ്.എ.ആർ, മുതലായ കോളങ്ങൾ പൂരിപ്പിച്ചിട്ടില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തവയും ഫയൽ തിരിച്ചയച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്താത്തവയും കാണുന്നു. അതു പോലെത്തന്നെ പ്ലാനിൽ എഞ്ചിനീയർ/ഓവർസിയർ സാക്ഷ്യപ്പെടുത്താതിരിക്കുന്നവയും (ഉദാ. എം.ജെ.വിനോയ് & എം.ജെ.ബൈജു എന്നിവരുടെയും അമ്മിണി, എടത്തേടത്ത് എന്നിവരുടെയും ഫയൽ) കാണുന്നു. ഈ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/20.11.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-16 വസ്തു നികുതി - അപാകതകൾ

വസ്തുനികുതി ഈടാക്കിയത് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കുമ്പോൾ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ തീ.09/07/15 പ്രകാരം റവന്യൂ വകുപ്പിൽ കെട്ടിട നികുതി അടവാക്കിയതിന്റെ രശീതി ഹാജരാക്കുന്നതായി കാണുന്നില്ല.

2) സുരേന്ദ്രൻ.വി.കെ, വടക്കുട്ട് എന്നയാളുടെ 257.83ച.മീ പാർപ്പിടത്തിന് 25.05.2018 തീയതിയിൽ പൂർത്തീകരണ സാക്ഷ്യപത്രം നൽകിയപ്പോൾ XII/146A എന്ന നമ്പർ നൽകി നികുതി കണക്കാക്കിയിരുന്നു. എന്നാൽ 12.10.2011 തീയതിയിൽ ലഭ്യമായ എൻ.ഒ.സി യാണ് ഫയലിൽ ഹാജരാക്കിയിട്ടുള്ളത്. നോട്ട് ഫയൽ തയ്യാറാക്കുകയോ ക്രമവൽക്കരണഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3) ജഗജീവൻ, നാരോത്തുപറമ്പിൽ എന്നയാളുടെ 260.17ച.മീ പാർപ്പിടത്തിന് 25.10.2018 തീയതിയിൽ പൂർത്തീകരണ സാക്ഷ്യപത്രം നൽകിയപ്പോൾ I/47C എന്ന നമ്പർ നൽകി നികുതി കണക്കാക്കിയിരുന്നു. എന്നാൽ 17.05.2013 തീയതിയിൽ ലഭ്യമായ A7-2048/13 നമ്പർ എൻ.ഒ.സി യാണ് ഫയലിൽ ഹാജരാക്കിയിട്ടുള്ളത്. ക്രമവൽക്കരണഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

4) സുനിൽ.ഒ.വി., ഒറയാംപുറത്ത് എന്നയാളുടെ IX/57A,B,C,D,E,F എന്നീ നമ്പർ നൽകിയ മൊത്തം 430.30$m^2$ പാർപ്പിട സമുച്ചയത്തിന് വസ്തുനികുതി കണക്കാക്കിയിരുന്നു. എന്നാൽ 09.12.2016 തീയതിയിലെ A4-4618/16 നമ്പർ നിർമ്മാണ അനുമതി പ്രകാരം 402.63$m^2$കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. കൂടുതൽ നിർമ്മിച്ച വിസ്തീർണ്ണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല.

5) 2018-19 വാർഷിക കണക്ക് ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിനത്തിൽ വൻതുക കുടിശ്ശികയുള്ളതായി കാണുന്നു.

| | |
|---|---|
| റെസിഡൻഷ്യൽ (കറന്റ്) | 3,37,678 |
| റെസിഡൻഷ്യൽ (അരിയർ) | 2,35,228 |
| നോൺ-റെസിഡൻഷ്യൽ (കറന്റ്) | 1,59,524 |
| നോൺ-റെസിഡൻഷ്യൽ (അരിയർ) | 3,20,015 |
| ആകെ | 10,52,445 |

കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ വിവരങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 20/20.11.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ മേൽപ്പറഞ്ഞ 1 മുതൽ 5 വരെയുള്ള അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 204 (i) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, 204 (ii) വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. എന്നാൽ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

I) ലൈസൻസ് അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

1) ഗ്രൂപ്പ് മുക്കാടൻ, നെസ്‌ലേ ഇന്ത്യ ലിമിറ്റഡ് – 20 ജീവനക്കാർ

2) ജി.എം.& സൺസ് ഗ്രാനൈറ്റ്സ് – 9 ജീവനക്കാർ

3) അഖില ഹോളോബ്രിക്സ് – 5 ജീവനക്കാർ

4) അർജ്ജുന പോളിമേഴ്സ് – 20 ജീവനക്കാർ

5) ശക്തി മെറ്റൽ ഇൻഡസ്ട്രീസ് – 8 ജീവനക്കാർ

6) എബനേസർ ഫ്യുവൽസ് – 5 ജീവനക്കാർ

7) പൂരം ഫുഡ്സ് – 18 ജീവനക്കാർ

8) മുദ്ദൽ ഗ്രാനൈറ്റ്സ് & ക്രഷർ – 12 ജീവനക്കാർ

9) തൃശ്ശൂർ ബിൽഡിംഗ് മെറ്റീരിയൽസ് – 9 ജീവനക്കാർ

10) തൃശ്ശൂർ സാന്റ് & ഗ്രാവൽസ് ക്വാറി 1 – 30 ജീവനക്കാർ, ക്വാറി 2 – 33 ജീവനക്കാർ, ക്രഷർ – 33 ജീവനക്കാർ എന്നാണ് അപേക്ഷയിൽ ഉള്ളത്. എന്നാൽ തൃശ്ശൂർ സാന്റ് & ഗ്രാവൽസ് എന്ന പേരിൽ 26 പേരുടെ തൊഴിൽ

നികുതി മാത്രമാണ് അടവാക്കിയിട്ടുള്ളത്.

II) റേഷൻ കടകൾ ലൈസൻസ്, തൊഴിൽനികുതി എന്നിവ അടവാക്കുന്നില്ല.

III) പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ നടത്തിയ കരാറുകാരായ ടോണി രാജ്, അഖിൽ ശശി, എ.വി.അബ്ദുൾ ഖാദർ, ടി.കെ.ഡേവീസ്, എം.ഗോഗിൻ, സനംകുമാർ.എൻ.എസ്, കെ.എസ്.സുധീഷ്, എം.വി.സദാനന്ദൻ, ഹിരൺ.ടി.ആർ, ഒ.കെ.സാബു, ഇ.ജി.സുരേഷ്, എ.എം.അശോകൻ, സിധീഷ് മോഹനൻ, വിനോദ്.പി, കെ.സി.ശശീധരൻ, ഡെയ്സ് ഡേവീഡ് എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകി പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി നികുതി അടവാക്കേണ്ടവരുടെ വിവരങ്ങൾ ക്രോഡീകരിക്കേണ്ടതുമാണ്.

മേൽ വിവരങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 18/20.11.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും മറുപടി നൽകേണ്ടതുമാണ്.

# 1-18 ഇ – ടെണ്ടർ ഫീ തിരികെ ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ 2018 -19 വർഷത്തെ ഇ – ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വെച്ചിട്ടുള്ളത്. മേൽ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ ഇ – ടെണ്ടർ ഫീ ഇനത്തിൽ ജില്ലാ പപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കാനുണ്ടെങ്കിൽ ടി തുക കൂടി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-19 ശമ്പള പരിഷ്ക്കരണ കുടിശ്ശിക - പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

2014 ലെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും, നാലും ഗഡു ജീവനക്കാർക്ക് 2018-19 വർഷത്തിൽ താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക |
|---|---|---|---|
| 1 | 21800065 | 23.04.18 | 45,149 |
| 2 | 21800066 | 23.04.18 | 1,87,551 |
| 3 | 21800067 | 23.04.18 | 6,423 |
| 4 | 21800068 | 23.04.18 | 11,894 |
| 5 | 21800630 | 10.10.18 | 43,552 |
| 6 | 21800631 | 10.10.18 | 1,80,922 |
| 7 | 21800632 | 10.10.18 | 6,196 |

എന്നാൽ ടി തുകകൾക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.11/19.11.20) മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 പത്രപ്പരസ്യ ചാർജ്ജ് - ഡിസ്കൗണ്ട് ലഭിച്ചില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 -എന്നീ ഉത്തരവുകൾ പ്രകാരം 2014 ലെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും, നാലും ഗഡു ജീവനക്കാർക്ക്

2018-19 വർഷത്തിൽ താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | തുക | പത്രം |
|---|---|---|
| 21800767/21.06.18 | 15876 | ദേശാഭിമാനി |
| 21800813/18.07.18 | 8820 | ,, |
| 21800819/23.08.18 | 12348 | ‘’ |
| 21800824/26.09.18 | 5292 | ,, |
| 21800835/08.11.18 | 3528 | ,, |
| 21801349/13.12.18 | 5292 | ,, |
| 21801392/14.01.19 | 5292 | ,, |
| 21801445/21.02.19 | 3528 | ,, |
| 21801450/27.02.19 | 3528 | ,, |
| ആകെ | 63,504 | |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചു കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.12/19.11.20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 സ്ട്രീറ്റ് ലൈറ്റ് - സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2018-19 വർഷം ഗ്രാമപഞ്ചായത്തിന് ₹17,03,558 ചെലവ് വന്നിട്ടുണ്ട്. ഇതിന് പുറമെ തെരുവു വിളക്കുകളുടെ പരിപാലനത്തിനായി 2018-19 വർഷത്തിൽ വിവിധ പ്രൊജക്ടുകൾ പ്രകാരം ₹12,19,803. ഇപ്രകാരം തെരുവ് വിളക്ക് പരിപാലനത്തിനും, വൈദ്യുതി ചാർജ്ജിനുമായി മാത്രം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ ₹29,23,361/- ചെലവഴിച്ചിട്ടുണ്ട്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് സ്ട്രീറ്റ് ലൈറ്റിന്റെ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്തുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ സ്ട്രീറ്റ് ലൈറ്റ് സേവനം ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. (ഓഡിറ്റ് അന്വേഷണം നം.15/19.11.20 )

# 1-22 ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റി- വാർഷിക കണക്കുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ് മെന്റ് കമ്മറ്റി)

ചട്ടങ്ങൾ, സർക്കാർ ഉത്തരവ് ആർ.ടി.3379/2004/എച്ച്&എഫ്.ഡബ്ള്യ.സി, തിയതി 3.12.2004 എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ സമയബന്ധിതമായി എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. ആയതിനാൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങൾ (അലോപ്പതി, ആയുർവേദം, ഹോമിയോ) സമയബന്ധിതമായി എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതും ഇല്ല എങ്കിൽ ഏതൊക്കെ വർഷങ്ങളിലെ വാർഷിക കണക്കുകൾ ആണ് സമർപ്പിക്കാനുള്ളത് എന്ന് ആരാഞ്ഞ് 2018-19 വർഷം വരെയുള്ള കണക്കുകൾ വർഷം തിരിച്ച് ഓഡിറ്റിന് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.01/10.11.20)

# 1-23 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ തുക നല്കിയതിന് ലഭിച്ച വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | വൗച്ചർ നം | തുക (₹) |
|---|---|---|---|---|
| 1 | സുശാന്തം-വയോജന ക്ഷേമ കേന്ദ്രപ്രവർത്തനങ്ങൾ -ജില്ലാ പഞ്ചായത്ത് വിഹിതം (05/19) | ജില്ലാ പഞ്ചായത്ത് | 21800765/21-06-18 | 50,000 |
| 2 | വിജ്ഞാൻ സാഗർ-അനുബന്ധ പ്രവർത്തനങ്ങൾ- ജില്ലാ പഞ്ചായത്ത് വിഹിതം (6/19) | ജില്ലാ പഞ്ചായത്ത് | 21800766/21-06-18 | 1,00,000 |
| 3 | ഐ.കെ.എം പഞ്ചായത്ത് വിഹിതം (01/19) | ഐ.കെ.എം | 21800763/21-06-18 | 74,543 |

# 1-24 കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 34/19

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ, ചിറയ്ക്കാക്കോട്

വകയിരുത്തിയ തുക -1250000/-

ചെലവഴിച്ച തുക:-3,12,500/- (വികസന ഫണ്ട്- പൊതുവിഭാഗം)

(വൗച്ചർ നം.21801348/13.12.18 - 2,25,000/-

വൗച്ചർ നം.21801452/27.02.19 - 87,500/-)

ഒരു ഗുണഭോക്താവിന് 6250/- രൂപ നിരക്കിൽ 50 കന്നുകുട്ടികളുടെ വിഹിതമായി 312500/-രൂപ എസ്.എൽ.ബി.പി.ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# 1-25 അയ്യംകുളം പുനരുദ്ധാരണം - റിവൈസ്ഡ് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ അംഗീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ -s0160/18. (s0162/19)

അടങ്കൽ - 150000/-

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

സാങ്കേതിക അനുമതി നം. 45740 /17-18.dtd.2.8.17.

എഗ്രിമെന്റ് നം. - 14/17 -18 dtd.9.11.17.

എം.ബി. നം.- 150/18-19.

കരാർ കാലയളവ് - 6മാസം

കരാറുകാരൻ - ഷനോജ് ചന്ദ്രൻ

ട്രഷറി ബിൽ നം - 62/18 -19.dtd.27.3.19. 1,50,000/ -

അയ്യംകുളം പുനരുദ്ധാരണം എന്ന പ്രോജക്ടിന്റെ പേര് അയ്യംകുളം എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ റിവൈസ്ഡ് പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അയ്യംകുളം സംരക്ഷിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കുളത്തിൽ നിന്നും ചെളി മാറ്റുന്നതിനും കുളത്തിനുള്ളിൽ ഉള്ള ഫുട്പാത്ത് കരിങ്കല്ല് 30 cm കനത്തിൽ വിരിച്ച് മുകളിൽ 0.075 മീറ്റർ കനത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനും ഈ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് സെക്രട്ടറിയ്ക്ക് തീയതി രേഖപ്പെടുത്താത്ത കത്ത് നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരം ലഭിച്ചതിന്റേയോ, സാങ്കേതികനുമതി ലഭിച്ചതിന്റേയോ വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്ത് കമമിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് സമയബന്ധിതമായി പൂർത്തികരിച്ചിട്ടില്ല. 09.11.17.ൽ കരാർ വെച്ചിട്ടുള്ള മേൽ പ്രോജക്ട് സംബന്ധിച്ചുള്ള ചെക്ക് മെഷർ ചെയ്തത് 21.3.19.നാണ്. കരാറുകാരനിൽ 1% ഫൈൻ ഈടാക്കിയിട്ടുണ്ട്. ആയത് സ്ഥലം ഏറ്റെടുക്കുവാൻ വൈകിയതിനാണ്. പ്രവൃത്തി പൂർത്തികരിക്കാൻ വൈകിയതിനുള്ള ഫൈൻ കരാറുകാരനിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല. ഓരോ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ആരംഭം മുതൽ അവസാനം വരെയുള്ള സർക്കാർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

# 1-26 പെയിൻ & പാലിയേറ്റീവ് പരിചരണ പരിപാടി-മുൻകൂറായി വൗച്ചറുകൾ ഹാജരാക്കി പണം പിൻവലിച്ചു

പെയിൻ & പാലിയേറ്റീവ് പരിചരണ പരിപാടിയുടെ 01/03/2019 മുതൽ 30/03/2019 വരെയുള്ള ചെലവുകൾക്കായി 36314/- രൂപ വൗച്ചർനം.21801319 തീയതി 18.03.2019 പ്രകാരം നൽകിയിട്ടുണ്ട്.

ഹാജരാക്കിയ വൗച്ചറുകളിൽ 19/03/19, 21/03/19, 22/03/19, 23/03/19, 25/03/19, 28/03/19, 29/03/19 എന്നീ ദിവസങ്ങളിൽ ഹോംകെയർ ടീമിനായി വാഹനം ഉപയോഗിച്ച രേഖകളും (19/03/19, 21/03/19 എന്നീ ദിവസങ്ങൾ ഒഴികെ) ടി ദിനങ്ങളിലെ ഭക്ഷണച്ചെലവും, 19/03/19, 21/03/19 ദിവസങ്ങളിൽ വെള്ളാനിക്കര സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ വാഹനം ഉപയോഗിച്ച ട്രിപ്പ് ഷീറ്റ് എന്നിവയും ഉൾപ്പെടുന്നു.
18.03.2019-ന് മുൻകൂറായി വൗച്ചറുകൾ ഹാജരാക്കി പണം പിൻവലിച്ചത് സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണംനം.22/20.11.20)

# 1-27 വനിത സ്വയംതൊഴിൽ സംരംഭങ്ങൾ -തുടർപ്രവർത്തനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

പ്രൊജക്ടിന്റെ പേര്:- പരിസ്ഥിതി സൗഹൃദ ബാഗുകളുടെ നിർമ്മാണ പരിശീലനവും യൂണിറ്റ് രൂപീകരണവും (123/19)
നിർവ്വഹണ ഉദ്യോഗസ്ഥ: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പരിസ്ഥിതി സൗഹൃദ ബാഗുകളുടെ നിർമ്മാണ പരിശീലനത്തിനും യൂണിറ്റ് രൂപീകരണത്തിനുമായി വികസനഫണ്ടിൽ നിന്നും ₹6,50,000യും ബാങ്ക് വായ്പയായി ₹4,00,000യും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി സൗഹൃദ, നക്ഷത്ര എന്നീ ഗ്രൂപ്പുകൾക്ക് ₹2,50,000 പരിശീലനം നൽകുകയും ₹2,00,000 രൂപ വീതം ബാങ്ക് വായ്പയോടൊപ്പം ബാക്ക് എൻഡ് സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പരിശീലനത്തിനായി സെന്റർ ഫോർ മാനേജ് മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനത്തിന് ₹2,50,000 കൈമാറിയിട്ടുണ്ട്. പരിശീലനം നൽകുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് എപ്രകാരമാണെന്നോ സമാന യോഗ്യതയുള്ള മറ്റ് സ്ഥാപനങ്ങളുടെ പരിശീലനച്ചെലവുകളുമായി താരതമ്യം നടത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

2. ഓരോ ഗ്രൂപ്പിനും ബാങ്ക് ലോൺ ഇനത്തിൽ ₹4,00,000യും ബാക്ക് എൻഡ് സബ്സിഡിയായി ₹4,00,000യും പരിശീലനച്ചെലവ് ₹2,50,000യുമടക്കം പ്രൊജക്ട്അടങ്കൽ ₹10,50,000യാണ്. പദ്ധതിച്ചെലവിന്റെ 85% ആണ് സബ്സിഡിയായി നൽകേണ്ടത്. എന്നാൽ ആകെ പ്രൊജക്ട് കോസ്റ്റ് സംബന്ധിച്ച റിപ്പോർട്ടുകളോ ചെലവ് രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സബ്സിഡി തുകയായി ₹6,50,000 അനുവദിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും മേൽ യൂണിറ്റുകളുടെ തുടർ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 16/19.11.20)

# 1-28 ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നമ്പർ - 21800223 dtd.20.6.2018. 240000/-

മേൽ വൗച്ചർ പ്രകാരമുള്ള തുക പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി മെഡിക്കൽ ഓഫീസർ പി.എച്ച്.സി.യ്ക്ക് നൽകിയിട്ടുണ്ട്. ശുചിത്വ മിഷൻ ഫണ്ട് 10000/- രൂപ വീതവും തനത് ഫണ്ട് 5000/- രൂപയും വീതം 16 വാർഡുകൾക്ക് വാർഡുതല പ്രവർത്തനത്തിനായി മൊത്തം 240000/- രൂപ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ

മെഡിക്കൽ ഓഫീസർ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിന് നൽകിയിട്ടില്ല. 2, 9, 11 വാർഡുകളിലെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും ചെലവു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പറഞ്ഞ മൂന്ന് വാർഡുകൾക്കായി ചെലവഴിച്ച തുക (3x15000) 45000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-29 ആശ്രയ പദ്ധതിയ്ക്ക് അർഹമായ പ്രാധാന്യം നൽകിയില്ല.

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ ആശ്രയ കുടുംബാംഗങ്ങൾക്ക് ആശ്രയ പാക്കേജുകളിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ തൻവർഷം വേണ്ടത്ര പ്രധാന്യം നല്കിയിട്ടില്ല. ആശ്രയ സുരക്ഷ, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം കുടിവെള്ളം എന്നിങ്ങനെ നിരവധി പ്രോജക്ടുകളുണ്ടെങ്കിലും പഞ്ചായത്തിൽ തൻവർഷം ഗുണഭോക്താക്കൾക്ക് ഭക്ഷ്യ വിതരണ കിറ്റ് നൽകൽ എന്ന പ്രോജക്ട് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വൗച്ചറുകൾ യഥാവിധി പരിപാലിക്കുന്നില്ല. ആശ്രയ ബാങ്ക് പാസ്ബുക്ക് പരിശോധിച്ചതിൽ 31.3.2019ൽ 14,53,784/- രൂപ നീക്കിയിരിപ്പുണ്ട്.(A/C No.008200100036804 ധനലക്ഷമി ബാങ്ക് പൊങ്ങണംകാട് ബ്രാഞ്ച്) ഓഡിറ്റ് എൻക്വയറി 21/20.11.2020 പ്രകാരം ഗുണഭോക്താക്കളുടെ വിവരങ്ങളും നീക്കിയിരിപ്പിന്റെ വിവരങ്ങളും ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭിച്ചില്ല. നീക്കിയിരുപ്പ് തുകയിൽ പ്ലാൻ ഫണ്ട് ഇനത്തിൽ ലഭിച്ച തുക ഉൾപ്പെടുന്നുണ്ടോ എന്നറിയാൻ കഴിഞ്ഞില്ല. പ്ലാൻ ഫണ്ട് തുകയിൽ വർഷാവസാനം നീക്കിയിരിപ്പ് ഉണ്ടെങ്കിൽ ആയത് സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഭീമമായ തുക നീക്കിയിരുപ്പുള്ളപ്പോൾ കേവലം ഭക്ഷ്യകിറ്റ് വിതരണം എന്ന ഒരു പ്രോജക്ട് മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത് എന്നത് ദൗർഭാഗ്യകരമാണ്. ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-30 ലൈഫ് മിഷൻ പദ്ധതി- അവലോകനം

ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ 55 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് (ജനറൽ-52, പട്ടിക ജാതി വിഭാഗം-3). കരാറിൽ ഏർപ്പെട്ടവരിൽ 52 പേർ നാളിതു വരെ പണി പൂർത്തീകരിച്ചിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | രജിസ്റ്ററിലെ ക്രമനമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച ധനസഹായം |
|---|---|---|---|
| 1 | 1 | വത്സല സുരേഷ്, ആറ്റിങ്ങൽ, കുണ്ടുകാട് | 360000 |
| 2 | 3 | ലീല ഉഷ W/o പ്രഭാകരൻ, വാരിയത്ത് പറമ്പിൽ, വെള്ളാനിക്കര,ചിറയ്ക്കാക്കോട് | 40000 |
| 3 | 51 | വിനീഷ്, S/o വേണു, പയ്യപ്പാടൻ, വെള്ളാനിശ്ശേരി | 260000 |

എത്രയും വേഗം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭവനനിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-31 പൊതുമരാമത്ത് പ്രവൃത്തി -അവലോകനം.

2018 -19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 70 ഓളം പ്രോജക്ടുകൾ സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനമായും റോഡ് വർക്കുകളും വിട്ടുകിട്ടിയ വിവിധ സ്ഥാപനങ്ങളുടെ അറ്റകുറ്റ പണികളും കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികളുമാണ്. പ്രോജക്ടുകളുടെ പേരുകൾ വ്യക്തമായി പ്രോജക്ടുകളിൽ രേഖപ്പെടുത്തുന്നില്ല. ഉദാ: - പടിഞ്ഞാട്ടുമുറി റോഡ്, നീതി റോഡ് മുതലായവ. ടാറിംഗ്, റീ

ടാറിംഗ്, മെറ്റലിംഗ് & ടാറിംഗ് എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടില്ല. പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയ പരിധി പല പ്രോജക്ടുകളുടെ പൂർത്തീകരണത്തിൽ പാലിക്കുന്നില്ല. റിവൈസ്ഡ് പ്രോജക്ടുകളുടെ കോപ്പികൾ പ്രോജക്ടുകളോടൊപ്പം സൂക്ഷിക്കുന്നില്ല. കാലി ടാർ വീപ്പയുടെ വില ഫൈനൽ ബില്ലിൽ കുറവ് ചെയ്തിട്ടില്ല. ബിറ്റുമിൻ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ബിറ്റുമിൻ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. പഞ്ചായത്തിന്റെ ജനറൽ സ്റ്റോക്ക് രജിസ്റ്ററിലാണ് ബിറ്റുമിൻ സ്റ്റോക്കിലെടുത്തിട്ടുള്ളത്. ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ 2017-18 വർഷത്തെ സ്റ്റോക്ക് വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2018-19 വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രത്യേകം പരിപാലിക്കേണ്ടതാണ്.

ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പുതതായി സൃഷ്ടിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തു ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. TR.7A മാതൃകയിലുള്ള കാഷ്ബുക്ക് പരിപാലിക്കുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവയിലെ കോളങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. എല്ലാ ഫയലുകളിലും പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •

ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26-07-2019 മുതൽ 27-07-2019 വരെ | കെ.എസ്.എ ടി.എസ്.ആർ.(എസ്.1)1120/19(39) തീയതി.08-08-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 180000 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 180000 | 0 |
| | | 240000 | വനിത പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതി | 240000 | 0 |
| | | 200000 | പെയിൻ ആൻറ് പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 893500 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (ജനറൽ) | 890000 | 3500 |
| | | 118790 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (എസ് സി) | 0 | 118790 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 400000 | പകൽ വീട് അടിസ്ഥാന സൗകര്യം | 0 | 400000 |
| | | 3000000 | LPG ക്രിമറ്റോറിയം വിപുലീകരണം | 2222000 | 778000 |

| | | | | | |
|---|---|---|---|---|---|
| | | 700000 | ശങ്കരംകുളം സംരക്ഷണം | 0 | 700000 |
| | | 175000 | ക്ഷീരകർഷകർക്ക് പാലിന് ധനസഹായം | 175000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1362882 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (ജനറൽ) | 1360000 | 2882 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 250000 | ശങ്കരംകുളം സംരക്ഷണം | 0 | 250000 |
| | | 1600000 | ആനന്ദനഗർ കച്ചിത്തോട് റോഡ് ഡ്രൈനേജ് & കൾവെർട്ട് | 365212 | 1234788 |
| | | 325000 | ക്ഷീര കർഷകർക്ക് പാലിന് ധനസഹായം | 325000 | 0 |

സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-11(8) കാണുക.

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 553333 | 553333 | 0 |
| | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ (ഘട്ടം 2) | 45569 | 45569 | 0 |
| | വൈദ്യുതി പോസ്റ്റ് മാറ്റൽ | 288443 | 288443 | 0 |
| കോസ്റ്റ് ഫോർഡ് | ശ്മശാന നിർമ്മാണം | 1884000 | 1884000 | 0 |

മേൽ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് -

ഇല്ല

# 4-5 വായ്പ / വായ്പ തിരിച്ചടവ്-

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി ഭവന വായ്പ | 8031710 | 0 | 4080000 | | 3951710 |
| ഇ.എം.എസ്. ഭവനപദ്ധതി | 6696500 | 0 | 0 | *621217 | 0 |

* സംസ്ഥാന സർക്കാർ അടച്ചത്

# 4-6 സ്ഥിര നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1835321 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 1835321 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1835321 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | ബോണ്ട് | - | 5000 |
| | സ്ഥിര നിക്ഷേപം | അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് | 500000 |
| | സ്ഥിര നിക്ഷേപം | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, മണ്ണുത്തി | 1330321 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

വിവരം ലഭ്യമല്ല

# 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98390101 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76170865 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45000 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 45000 | ഡോ.വിനീത കെ.ആർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| | 45000 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച |
|---|---|

| | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1976-77 | എൽ.എഫ്.ടി.എസ്2-1639/11/28.10.11/06.12.11 |
| 1977-78 | |
| 1983-84 | |
| 1984-85 | |
| 1985-86 | |
| 86-87&87-88 | |
| 88-89&89-90 | |
| 1991-92 | |
| 1993-94 | |
| 1994-95&95-96 | |
| 97-98,99-00<br>2000-01, വരവ് | എൽ.എഫ്.ടി.എസ്8-358/14/14.03.14/11.4.14 |
| 2000-01 ജനകീയാസൂത്രണം | എൽ.എഫ്.ടി11-1342/04/07.08.14/13.09.14 |
| 2001-02,2002-03, 2003-04 | എൽ.എഫ്.ടി.എസ്8-358/14/14.03.14/11.4.14 |
| 2004-05 | എൽ.എഫ്.ടി11-2275/08/26.07.10 |
| 2005-06 | എൽ.എഫ്.ടി11-2276/08/26.07.10 |
| 2006-07 | എൽ.എഫ്.ടി11-592/09/16.01.12/09.02.12 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി.പി4/1357/12/15.12.12/13.05.13 |
| 2011-12 | എൽ.എഫ്.ടി.പി4/341/2013/8.07.13/05.10.13 |
| 2012-13 | എൽ.എഫ്.ടി.പി8/2136/13/5.05.14/3.7.14 |
| 2013-14 | എൽ.എഫ്.ടി.പി8- 14/2015/ 02.06.15/25.07.15 |
| 2014-15 | കെ.എസ്.എ-ടി.എസ്.ആർ(പി8)1194/16, 20.07.16 |
| 2015-16 | കെ.എസ്.എ-ടി.എസ്.ആർ(പി8)1194/16, 29.07.16 |
| 2016-17 | കെ.എസ്.എ-ടി.എസ്.ആർ-(പി8) 982/17/, 4.7.17 |
| 2017-18 | കെ.എസ്.എ-ടി.എസ്.ആർ-(പി8)839/19, 13.06.19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

പ

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ